21103260

**QP CODE: 21103260**

**Reg No** : ....................

**Name** : ....................

## B.A DEGREE (CBCS) REGULAR / REAPPEARANCE EXAMINATIONS, DECEMBER 2021

### Second Semester

B.A Malayalam Language and Literature Model I

### Complementary Course - ML2CMT03 - ആധുനിക ലോക കവിത

**For Regular Candidates : 2017 Admission Onwards**

**For Private Candidates : 2020 Admission Only**

42D9F210

Time: 3 Hours | Max. Marks : 80

***Instructions to Private candidates only:*** *This question paper contains* ***two*** *sections. Answer* ***SECTION I*** *questions in the answer-book provided.* ***SECTION II****, Internal examination questions must be answered in the question paper itself. Follow the detailed instructions given under* ***SECTION II***

### SECTION I

### പാർട്ട് എ

*അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും* ***പത്തു*** *ചോദ്യത്തിന് ഉത്തരമെഴുതുക.*
*ഓരോ ചോദ്യത്തിനും* ***2*** *മാർക്ക് വീതം.*

1. 'കാലംതൊടാത്ത ഹൃദയങ്ങളുമായി
ലീലാരസത്തിൽപ്പറക്കുകയാണവ ' – ആരെക്കുറിച്ചാണ് പരാമർശം? സന്ദർഭം ഏത്?
2. 'തവ ചിത്രങ്ങൾ ചേർത്തു ചമച്ചതാണിച്ചുമർ,
അവയോ മറയ്ക്കുന്നു നിന്നെ, നാമങ്ങൾപോലെ' – ആശയം വിശകലനംചെയ്യുക.
3. ‘കണ്ടുമുട്ടൽ’ എന്ന കവിതാശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക.
4. 'നമ്മുടെനേർക്കുള്ള അവരുടെ മുഖാമുഖം
അനൽപ്പമായിത്തന്നെ അങ്ങനെ വർദ്ധിച്ചിരിക്കുന്നു' – സന്ദർഭവും ആശയവും വിശദമാക്കുക.
5. 'അവർ ജീവിക്കുന്നതു മറ്റു യുവാക്കളിലാണ്
ഇനിയും നിങ്ങളെ വെല്ലുവിളിക്കാൻ തയ്യാറുള്ള
സഹോദരരിൽ അവർ ജീവിച്ചിരിക്കുന്നു
മരണം അവരെ വിശുദ്ധരാക്കി' – ആശയപരിസരം വിശകലനം ചെയ്യുക.
6. ‘ഈ മണ്ണിൽ ഞാനെൻ പേരാൽ ഒപ്പുവയ്ക്കുകയല്ലോ’ – സന്ദർഭവും ആശയവും വിശദമാക്കുക.

7. ‘സെസാർ വയെഹോ മരിച്ചിരിക്കുന്നു’ എന്ന വരികളിലൂടെ വയെഹോ വിനിമയം ചെയ്യുന്ന ആശയത്തിന്റെ തീക്ഷ്ണത പരിശോധിക്കുക.
8. സോയിങ്ക നെഗ്രിറ്റ്യൂഡ് പ്രസ്ഥാനത്തെ വിമർശിക്കുവാനുള്ള കാരണമെന്ത് ?
9. 'നീയെന്നെ കാത്തിരിക്കാനും ആശ്രയിക്കാനും പഠിപ്പിച്ചു വിപത്തിന്റെ മുഹൂർത്തങ്ങളിൽ നീ ചെയ്യാറുള്ളതുപോലെ' – വിവക്ഷിതം വിശദമാക്കുക.
10. ‘ജീവിതം തറയിലൊട്ടുന്ന പുല്ലിനെ പീഡിപ്പിക്കുന്നു ഞാനതിനെ ആരാധിക്കുന്നു’ – സന്ദർഭവും ആശയവും വിശദമാക്കുക.
11. ‘ഒരു രഹസ്യപ്പോലീസുകാരൻ അയാൾക്കരികിലേക്ക് സാവധാനം നടക്കുന്നു’ – ആരാണ് അയാൾ? സാഹചര്യം എന്ത്?
12. 'മുറിവേല്പിപ്പൂ നിത്യം സ്ഥലത്തെ, കാലത്തിനെ രൂക്ഷമായ് പ്രതിഫലിക്കു,ന്നതു നമ്മിൽത്തന്നെ' – ആശയം വിശദമാക്കുക.

(10×2=20)

## പാർട്ട് ബി

*ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.*

*ഓരോ ചോദ്യത്തിനും **5** മാർക്ക് വീതം.*

13. അൽബാത്രോസും കവിയും താരതമ്യവിധേയരാകുന്നത് എങ്ങനെയെല്ലാമാണ് ?
14. ഓർമ്മയെയും മറവിയെയും കുറിച്ചുള്ള പെസ്സോവയുടെ കാഴ്ചപ്പാടുകൾ കാവ്യഭാഗത്തെ മുൻനിർത്തി പരിശോധിക്കുക.
15. ‘ഏതുനിമിഷവും ചാടിവീഴാൻ, ഓരോതുള്ളി മഷിയിലുമുണ്ട്, ഒരുകൂട്ടം വേട്ടക്കാർ ’ - ആശയം വിശകലനംചെയ്യുക.
16. പുരുഷാധിപത്യത്തിന്റെ സൂചന 'കളി' എന്ന കവിതയിൽ പ്രകടമാകുന്നതെങ്ങനെയെന്ന് പരിശോധിക്കുക.
17. 'വില്ക്കാൻ പറ്റുമോ' എന്ന കവിതയിലൂടെ നിക്കോളാസ് ഗിയേൻ പങ്കുവയ്ക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ ചർച്ചചെയ്യുക.
18. ഉല്പത്തിപുസ്തകത്തിലെ ഹാഗറിന്റെ കഥയ്ക്ക് 'എന്റെ അമ്മയോട് ' എന്ന കവിതയിലുള്ള പ്രസക്തി പരിശോധിക്കുക.
19. 'അഭിസരണം' എന്ന കവിതയുടെ പ്രമേയപരിസരം ചർച്ചചെയ്യുക.
20. പട്ടാളഭരണത്തിന്റെ കെടുതികളെ ‘എന്റെ കൂടപ്പിറപ്പുകൾക്കുവേണ്ടി’ എന്ന കവിത അടയാളപ്പെടുത്തുന്നതെങ്ങനെയെന്ന് നിരീക്ഷിക്കുക.
21. വില്ക്കാൻ പറ്റുമോ, പ്രമാണം എന്നീ കവിതകളിൽ പ്രതിഫലിക്കുന്ന പാരിസ്ഥിതികദർശനം താരതമ്യംചെയ്യുക?

(6×5=30)

## പാർട്ട് സി

*നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.*

*ഓരോ ചോദ്യത്തിനും **15** മാർക്ക് വീതം.*

22. പ്രണയാനുഭവത്തെ പ്രകൃതിയുമായി ചേർത്തുവയ്ക്കുകയാണ് 'സ്മരണ' എന്ന കവിതയിലൂടെ ബ്രഹ്ത് – നിരീക്ഷിക്കുക.

23. എതിർകവിതയുടെ (Anti-poems) സവിശേഷതകൾ നിക്കനോർ പാർറയുടെ കവിതകളിൽ പ്രകടമാകുന്നതെങ്ങനെയെന്ന് 'വയസ്സനു വ്യായാമംകൊണ്ടെന്തു നേട്ടം' എന്ന കവിതയെ മുൻനിർത്തി ചർച്ചചെയ്യുക.

24. കറുപ്പിന്റെ അടയാളപ്പെടുത്തലായി സെങ്ഘോറിന്റെ 'കറുമ്പി' എന്ന കവിതയെ വായിക്കാം – സമർത്ഥിക്കുക.

25. യൂറോപ്യൻ കവിതകളിൽ തെളിയുന്ന രാഷ്ട്രീയ-സാമൂഹിക പരിസരം ചർച്ചചെയ്യുക.

(2×15=30)